" 1110 ചിങ്ങം 28. ഉയർത്തപ്പെട്ട ഒരു പ്ലാറ്റ്ഫോമായിരുന്നു വിവാഹവേദി. ഒരു നമ്പൂതിരി കന്യകയുടെ വിവാഹത്തെ അനുസ്മരിപ്പിക്കുന്ന യാതൊന്നും അവിടെ ഉണ്ടായിരുന്നില്ല. ഗണപതി നിവേദ്യം, ഹോമദ്രവ്യങ്ങൾ, അർദ്ധ നഗ്നനായ പുരോഹിതൻ, പുണ്യാഹം, ദക്ഷിണ ഇത്യാദി വഷളത്തരങ്ങളൊന്നും ആചരിക്കപ്പെട്ടതുമില്ല.

എം.ആർ.ബി എന്ന പേരിൽ അറിയപ്പെടുന്ന വന്നേരി മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാട് അനുചര സംഘത്താൽ വിവാഹ മണ്ഡപത്തിൽ ആനയിക്കപ്പെട്ടു. വിടി ശ്രീദേവി അന്തർജനം തന്റെ അനുജത്തിയെ കൈപിടിച്ച് വേദിയിലേക്കാനയിച്ചു. വധൂവരന്മാർ ഉപവിഷ്ടരായപ്പോൾ സദസിന്റെ കൺപീലികളിൽ സന്തോഷത്തിന്റെ തെളിനീർ പൊടിഞ്ഞു. അവരുടെ ആദരാഞ്ജലികളാൽ പരിസരം ശബ്ദായനമായി. വധൂവരന്മാർ അന്യോനം മാലയിട്ടു. വധുവിന്റെ നഗ്നമായ കഴുത്തിൽ എം.ആർ.ബി മംഗല്യത്താലി കെട്ടി. പാണിഗ്രഹണം നടന്നു. ഇതെല്ലാം ആചരിച്ചപ്പോൾ അവരുടെ കൈകൾ വിറച്ചില്ല. കാലുകൾ പതറിയില്ല. എന്നാൽ മഹത്തായ വിശുദ്ധിയുടെ പരിമളം ആ പരിസരങ്ങളിൽ വീശിയടിച്ചു....... കേരളക്കരയിൽ ആധിപത്യമുറപ്പിച്ച ശേഷം നമ്പൂതിരി മനുഷ്യോചിതമായ ഒരു സൽക്കർമ്മം നിറവേറ്റിയിട്ടുണ്ടെങ്കിൽ അത് അന്നാണെന്ന് ഞാൻ വിചാരിക്കുന്നു" - വി. ടി,ഭട്ടതിരിപ്പാട്.

നവോത്ഥാനത്തോടൊപ്പം വളർന്ന ലീലേടത്തി

ലീലാ നമ്പൂതിരിപ്പാട് / എസ്. സലിം കുമാർ.

കേരളീയ നവോത്ഥാനത്തിന് ആക്കം കൂട്ടിയ സംഭവങ്ങളിലൊന്നായിരുന്നു മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാടിന്റേയും ഇട്ടിയാംപറമ്പത്ത് ഉമാദേവി അന്തർജനത്തിന്റേയും വിവാഹം. ആ വിവാഹ സമയത്ത് ലീലേടത്തിക്ക് രണ്ടു വയസ്. എങ്ങനെയാണ് പറഞ്ഞു തുടങ്ങുക.

പറയാൻ ഒരു പാടു കാര്യങ്ങളുണ്ട്. ഞാൻ ജനിച്ചതും രണ്ടു വയസുവരെ വളർന്നതും എന്റെ അമ്മയുടെ വീട്ടിലാണ്. നമ്പൂതിരി സമുദായത്തിൽ കല്യാണ ചടങ്ങുകൾ നാലു ദിവസമായിരുന്നു. കല്യാണത്തിനു മുമ്പ് പെണ്ണും ചെറുക്കനും തമ്മിൽ കാണില്ല. എവിടെയെങ്കിലും പെൺകുട്ടികൾ ഉണ്ടെങ്കിൽ മുതിർന്നവർ കണ്ടുവയ്ക്കും. ജാതകം കൈമാറും. പൊരുത്തപ്പെട്ടാൽ കല്യാണം ഉറപ്പിക്കും. ചെറുക്കന്റെ അച്ഛനാണ് താലി കെട്ടുക. പാണീഗ്രഹണമാണ് പ്രധാനം. വധു എട്ടുമുണ്ടുകൾ കൊണ്ട് ഒരുങ്ങും. നാലുമുണ്ടുടുക്കും. നാലുമുണ്ടു പുതക്കും. മുഖം പുറത്തു കാണുവാനാവില്ല. കയ്യിൽ വാൽ കണ്ണാടി ഉണ്ടാവും. നാലു ദിവസവും ഇങ്ങനെയാണ്. നാലാം ദിവസമാണ് പെണ്ണും ചെറുക്കനും തമ്മിൽ കാണുന്നത്. അങ്ങനെ ഒരു ദിവസം മാത്രമേ എന്റെ അച്ഛനും അമ്മയും തമ്മിൽ പങ്കിട്ടിട്ടുള്ളു. അങ്ങനെയാണ് ഞാൻ ഉണ്ടായത്. കൂട്ടികൊണ്ടു പോകാൻ തീയതി നിശ്ചയിച്ചു വരാം എന്നു പറഞ്ഞ് പോയ അച്ഛൻ ആറുമാസം കഴിഞ്ഞാണ് വന്നത്. ''എനിക്ക് സുഖമില്ല; ഉമാദേവിയെ കാണണം'' എന്നു പറഞ്ഞാണ് വന്നത്. കണ്ടിട്ടു പോയി. അതിൽ പിന്നെ അച്ഛൻ വന്നിട്ടില്ല. മരിച്ചു പോയി. അങ്ങനെ ഇരുപതാം വയസിൽ അമ്മ വിധവയായി. രണ്ടു വയസുവരെ ഞാൻ അമ്മയുടെ വീട്ടിലാണ് വളർന്നത്.

വി.ടി. ഭട്ടതിരിപ്പാടുമായുള്ള ബന്ധം എന്താണ്?

വിടിയുടെ ഭാര്യ ശ്രീദേവി അന്തർജനത്തിന്റെ അനുജത്തിയാണ് എന്റെ അമ്മ ഉമാദേവി. ഒരു കൊയ് ത്തു കാലത്താണ് അമ്മയും ഞാനും വലിയമ്മയോടൊപ്പം വിടിയുടെ വീടായ രസികസദനത്തിലെത്തുന്നത്. വിധവയെന്നനിലയിൽ വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങിക്കൂടുന്നതിൽ അമ്മക്ക് വിഷമമുണ്ടായിരുന്നു. കുടുംബത്തിനും സമൂഹത്തിനും വേണ്ടി എന്തെങ്കിലും ചെയ്യണമെന്ന് അമ്മക്ക് വലിയ ആഗ്രഹമായിരുന്നു.

അമ്മയുടെ വിവാഹത്തെ പറ്റിയുള്ള ഓർമ്മകൾ? കേട്ടറിവുകൾ?

ഒരിക്കൽ യോഗക്ഷേമസഭയുടെ ഒരു മീറ്റിങ്ങിൽ വച്ച് പാർവ്വതി നെന്മിനിമംഗലം ചോദിച്ചു. – ''ഒരു വിധവ പുനർ വിവാഹത്തിനൊരുങ്ങിയാൽ അവളെ സ്വീകരിക്കുവാൻ നിങ്ങളാരെങ്കിലും തയ്യാറാകുമോ''?. സദസിലുണ്ടായിരുന്ന മുല്ലമംഗലത്ത് രാമൻ ഭട്ടതിരിപ്പാട് (എം.ആർ.ബി) ''ഉവ്വ്; ഞാൻ തയ്യാറുണ്ട് എന്നു പറഞ്ഞു എഴുന്നേറ്റു നിന്നു. ഇക്കാര്യം അമ്മക്ക് അറിയാമായിരുന്നു. അമ്മയും വലിയമ്മയും ഇക്കാര്യം സംസാരിക്കുകയും വി.ടി.യുമായി ചർച്ചചെയ്യുകയും ചെയ്തു. വി.ടി.യും എം.ആർ.ബിയും തമ്മിൽ കണ്ടു സംസാരിച്ചു. അക്കാലത്ത് പൊതുരംഗത്തു പ്രവർത്തിച്ചിരുന്ന പ്രമുഖരുമായി അവർ ചർച്ചചെയ്തു. അങ്ങനെയാണ് അത് തീരുമാനമായത്.

എനിക്ക് നേരിയ ഓർമ്മയുണ്ട്. കുറേ ആൾക്കാരും ബഹളവും. ഞാൻ അമ്മയുടെ അടുത്ത് ചെന്നിരുന്ന് കരഞ്ഞ് ബഹളം വച്ചപ്പോൾ ആരോ എന്നെ എടുത്തുകൊണ്ടു പോയി. കുറച്ചു കഴിഞ്ഞപ്പോൾ ഫോട്ടോ എടുക്കാനായി എന്നെ ഒരു കസേരയിൽ ഇരുത്തി. ഇത്രയും ഓർമ്മയുണ്ട്. ബാക്കിയൊക്കെ പറഞ്ഞു കേട്ടുള്ള അറിവാണ്. വിവാഹത്തിനു ശേഷം എല്ലാവരും ഒരുമിച്ചിരുന്നു സദ്യ-മിശ്രഭോജനം നടന്നു.കൊല്ലവർഷം 1110 ചിങ്ങം 28നായിരുന്നു അമ്മയുടെ വിവാഹം. നാലപ്പാട്ട് നാരായണമേനോൻ, ചെങ്ങന്നൂർ സി.പി ഭട്ടതിരി, എം സി ജോസഫ്, നിലമ്പൂർ വലിയ രാജ, സഹോദരൻ അയ്യപ്പൻ, പാർവ്വതി അയ്യപ്പൻ, ആര്യാ പള്ളം, കുട്ടികൃഷ്ണമാരാർ, കെ.എ ദാമോദരൻ, ഇ.എം.എസ് നമ്പൂതിരിപ്പാട്, ചൊവ്വര പരമേശ്വരൻ, മുതലായവരൊക്കെ വിവാഹചടങ്ങിൽ പങ്കെടുത്തു. അമ്മയെ കല്യാണ മണ്ഡപത്തിലേക്ക് ആനയിച്ചത് വലിയമ്മ ശ്രീദേവി അന്തർജനം ആയിരുന്നു.

അമ്മവീട്ടുകാരുടെ ഒക്കെ പ്രതികരണം എന്തായിരുന്നു?

അമ്മമ്മ തൂങ്ങിചാകാൻ ഒരുങ്ങി. അമ്മാവന്മാർ പ്രശ്നമുണ്ടാക്കി. ഊരുവിലക്കുണ്ടായി. ആരും ഒരു സമുദായക്കാരും സഹകരിക്കാതായി. കുറേക്കാലം വി.ടി.യുടെ വീടായ രസികസദനത്തിൽ തന്നെ ഞങ്ങളെല്ലാവരും താമസിച്ചു.

അവിടുന്ന് എങ്ങോട്ടാണ് താമസം മാറ്റിയത്? അതിന്റെ കാരണം എന്തായിരുന്നു?.

പട്ടാമ്പിക്കടുത്ത് കൊടുമുണ്ടയിൽ നിന്ന് വിടി പത്രാധിപരായി □ഉദ്ബുദ്ധ കേരളം□ എന്ന പത്രം തുടങ്ങിയപ്പോൾ അച്ഛന് (എം.ആർ.ബി) അവിടെ ജോലിയുണ്ട്. അതിനാൽ ഞങ്ങളെല്ലാവരും കൊടുമുണ്ടയിലേക്ക് താമസം മാറ്റി. ഉദ്ബുദ്ധകേരളത്തിൽ പ്രവർത്തിച്ചിരുന്നവരെല്ലാവരും കൂടി ഒരു കോളനിയായിട്ടാണ് കഴിഞ്ഞിരുന്നത്. ഉദ്ബുദ്ധകേരളം കോളനി എന്നാണ് അവിടം അറിയപ്പെട്ടിരുന്നത്. അവിടെ വച്ചാണ് എന്റെ അനുജത്തി സരള (എം.ആർ.ബി)യുടെ മകൾ) പിറക്കുന്നത്. എനിക്കന്ന് നാലുവയസാണ്. എന്തോ കാരണത്താൽ ഉദ്ബുദ്ധ കേരളം പത്രത്തിന്റെ പ്രസദ്ധീകരണം നിലച്ചു. അത് പ്രവർത്തിച്ചിരുന്ന വീടും സ്ഥലവും വിറ്റു പോയി. എല്ലാവരും പല വഴിക്കു പോയി. അവിടുന്ന് മാറിയേ പറ്റൂ. ഞങ്ങൾക്കു പോകാനിടമില്ല. കാഞ്ഞൂർ ഭട്ടതിരിപ്പാടും കുടുംബവും മാത്രം ഞങ്ങളെ കൈവെടിഞ്ഞില്ല. അവരുടെ കുറച്ചു സ്ഥലം വാങ്ങി ഞങ്ങൾ അവിടെ കഴിഞ്ഞു. വീടെന്നു പറഞ്ഞാൽ പനമ്പട്ട മേഞ്ഞ ഒറ്റമുറി വീട്. ചെറിയൊരു ഇറയവും അടുക്കളയും ഉണ്ട്. അവിടെ താമസിക്കുമ്പോഴാണ് ഞാൻ ആദ്യം സ്കൂളിൽ പോയി തുടങ്ങിയത്. കൊടുമുണ്ടയിലെ പ്രൈമറി സ്കൂളിൽ. ഒരു നീണ്ട ഓലപ്പുരയായിരുന്നു സ്കൂൾ.

അന്നത്തെ അനുഭവങ്ങൾ?

യുദ്ധം കഴിഞ്ഞ കാലമാണ്. ക്ഷാമകാലം. അരി കിട്ടാനില്ല. ബജറ വറത്തു പൊടിച്ചു കഴിച്ചിട്ടാണ് മിക്കപ്പോഴും സ്കൂളിൽ പോവുക. വെറും മോരു മാത്രം കഴിച്ച് അമ്മ ദിവസങ്ങൾ കഴിച്ചു കൂട്ടി, വീടു ചെറുതാണെങ്കിലും കുറച്ചു സ്ഥലമുണ്ട്. അമ്മ അവിടെ പച്ചക്കറികൾ നട്ടു നനച്ചു വളർത്തി. വെള്ളരിയും കുമിളുമൊക്കെ പറിച്ചു തിന്ന് വിശപ്പടക്കി ഞാനും അനുജത്തിയുമൊക്കെ സ്കൂളിൽ പോയിട്ടുണ്ട്. ആത്തേമാർ മറക്കുട പിടിച്ചു പോകുന്നത് കാണുമ്പോൾ ഞാൻ അമ്മയോട് ചോദിക്കുമായിരുന്നു □ഇതെന്താമ്മേ കുട നടന്നു പോകുന്നത്□?. അതു കേൾക്കുമ്പോൾ അമ്മയ്ക്കു കരച്ചിൽ വരും. എനിക്കറിയില്ലല്ലോ കാര്യങ്ങൾ. മറക്കുടയെപറ്റിയൊക്കെ മനസിലാക്കുന്നതിനു മുമ്പുതന്നെ ഞങ്ങൾ ആ ഇടങ്ങളൊക്കെ വിട്ടു പോന്നിരുന്നു. ആ ജീവിതം

ഞാൻ കണ്ടിട്ടില്ല. കാഞ്ഞൂർ ഭട്ടതിരിപ്പാടിന്റെ കുടുംബമല്ലാതെ മറ്റാരും ഞങ്ങൾ താമസിക്കുന്നിടത്തേക്ക് വരാറില്ല. ഭക്ഷണത്തിനു വേണ്ടുന്ന സാധനങ്ങളൊക്കെ - അരിയും ഉപ്പും ഉക്കെ - ഒരാഴ്ചത്തേക്കു വേണ്ടുന്നത് അദ്ദേഹം കൊടുത്തയക്കും. മിക്കപ്പോഴും അമ്മയും ഞാനും അനുജത്തിയും മാത്രമാണ് ഓലപ്പുരയിൽ. പല രാത്രികളിലും അമ്മയും ഞങ്ങളും ഉറങ്ങാതെ കഴിഞ്ഞിട്ടുണ്ട്. വീടിനു ചുറ്റും കാടുപിടിച്ചു കിടക്കുന്ന പറമ്പുകളാണ്. ചിലപ്പോൾ പാമ്പുകൾ പുരയ്ക്കുള്ളിൽ കയറിവന്നു. വീടിനടുത്ത് വലിയൊരു പനയുണ്ടായിരുന്നു. വലിയ മഴയും കാറ്റുമുണ്ടായിരുന്ന ഒരു രാത്രിയിൽ അത് കടപുഴകി ഭയങ്കര ശബ്ദത്തോടെ വീണു. വീടിന്റെ മുകളിലേക്കാണ് അത് വീഴുന്നതെന്ന് കരുതി ഞങ്ങൾ നിലവിളിച്ചു. പക്ഷെ കുറച്ച് അപ്പുറത്തേക്കാണത് വീണത്.

അക്കാലത്തെ എം.ആർ.ബിയുടെ പ്രവർത്തനങ്ങൾ?

അച്ഛൻ എപ്പോഴും സർക്കീട്ടാണ്. സമുദായ പരിഷ്കരണ പ്രവർത്തനങ്ങൾക്കായിട്ടുള്ള ഓട്ടമാണ്. എഴുത്തു മാത്രമാണ് വരുമാന മാർഗ്ഗം. രണ്ടു രൂപ - അഞ്ചു രൂപ - ഒരു ലേഖനത്തിനു കിട്ടുക. അന്നത്തെ അഞ്ചു രൂപക്കൊക്കെ നല്ല വിലയുണ്ട്. പക്ഷെ യുദ്ധമാണ്. അദ്ദേഹം ജീവിച്ചിരിക്കെത്തന്നെ അദ്ദേഹത്തിന്റെ പിണ്ഡംവച്ച് പടിയടച്ചു. ജീവിക്കാൻ പണിയില്ല. കയറിച്ചെല്ലാൻ ഇടമില്ല. അച്ഛന്റെ മനസിൽ എപ്പോഴും തീയായിരുന്നു. സാഹിത്യ പ്രവർത്തനത്തിലൂടെയാണ് മൂന്നു ഭട്ടതിരിമാരും (വിടി, എം.ആർ.ബി, പ്രേജി) സാമൂഹ്യ പ്രവർത്തനത്തിന് അടിത്തറയിട്ടത്.

അയിത്തോച്ചാടനം, പൂണൂൽ പൊട്ടിക്കൽ, മിശ്രവിവാഹം, ആചാര ലംഘനം തുടങ്ങിയ കാര്യങ്ങൾക്കായുള്ള പ്രവർത്തനങ്ങളിൽ മുഴുകി കഴിയുകയായിരുന്നു അച്ഛൻ. അമ്മയും അക്കാലത്ത് സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. അങ്ങനെയിരിക്കെ ഞങ്ങൽ താമസിച്ചിരുന്ന വീടും പുരയിടവും വിൽക്കേണ്ടി വന്നു. പിന്നേയും ഒരു അനിശ്ചിതാവസ്ഥയിലായി. എങ്ങോട്ടാണ് പോകേണ്ടതെന്നറിയില്ല. വിഷമിച്ചു പോയ അമ്മയോട് ആര്യാ പള്ളം പറഞ്ഞു. ഒരു സംശയവും വേണ്ട ഞങ്ങളുടെ കൂടെ പോരൂ. എത്രകാലം വേണമെങ്കിലും അവിടെ താമസിക്കാം. ആര്യാ പള്ളം മുടിയൊക്കെ മുറിച്ചുകളഞ്ഞ് നവോത്ഥാന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന സമയമാണ്. പള്ളത്ത് കൃഷ്ണൻ നമ്പൂതിരിയാണ് ആര്യയുടെ ഭർത്താവ്. ഞങ്ങൽ രണ്ടു വർഷത്തോളം അവിടെ താമസിച്ചു. പക്ഷെ അതിനിടെ ഞങ്ങളുടെ പഠിപ്പു മുടങ്ങി. ഒരു ടീച്ചർ അവിടെ വന്ന് കുട്ടികളെയൊക്കെ നൃത്തം പടിപ്പിച്ചിരുന്നു. അങ്ങനെയാണ് ഞാൻ ആദ്യം നൃത്തം പഠിക്കുന്നത്.

ആര്യാപള്ളത്തിന്റെ വീട്ടിൽ നിന്ന് എങ്ങോട്ടാണ് മാറിയത്? അതിന്റെ കാരണമെന്തായിരുന്നു? പുതിയ സ്ഥലത്തെ അനുഭവങ്ങൾ?.

സാമൂദായിക പ്രവർത്തനങ്ങൾ കൂടുതൽ സജീവമായപ്പോൾ അമ്മയുടെ സേവനം കമ്യൂണിസ്റ്റ് പാർട്ടിക്കു വേണ്ടിയായി. കോഴിക്കോടായിരുന്നു അമ്മയുടെ പ്രവർത്തന മേഖല. അതിനാൽ ഞങ്ങളും - ഞാനും സരളയും - അമ്മയോടൊപ്പം കോഴിക്കോട്ടേക്ക് താമസം മാറി. റെയിൽവേ സ്റ്റേഷനടുത്ത് ഒരു കമ്യൂൺ ആയിട്ടാണ് എല്ലാവരും താമസിച്ചിരുന്നത്. പി.കൃഷ്ണപിള്ളയുടെ ഭാര്യ, ഇ.എം.എസ്സിന്റെ ഭാര്യ ആര്യ അന്തർജനം, ടി.സി. നാരായണൻ നമ്പ്യാരുടെ ഭാര്യ ലക്ഷ്മിക്കുട്ടി എന്നിവരും അവിടെ ഉണ്ടായിരുന്നു. ഞങ്ങലെ അവരുടെ അടുത്താക്കിയിട്ടാണ് അമ്മ രാഷ്ട്രീയ പ്രവർത്തനത്തിന് പോയിരുന്നത്. ഇ.എം,എസ്സും പി.കൃഷ്ണപിള്ളയുമൊക്കെ ഇടക്കിടെ അവിടെ വരും.

കോഴിക്കോട് താമസിക്കുമ്പോൾ കമ്യൂണിസ്റ്റ് പാർട്ടിയുടെ സമ്മേളനം നടക്കുന്നു. ബി.ടി രണദിവെ, പി.സി.ജോഷി തുടങ്ങിയ നേതാക്കൾക്കു സ്വീകരണം ജോഷിക്കു മാലയിട്ടു സ്വീകരിച്ചത് ഞാനാണ്. സി.എച്ച് കണാരൻ എന്നെ എടുത്തു പൊക്കിയാണ് മാലയിട്ടത്. അമ്മയുടെ പ്രവർത്തനം വടക്കേ മലബാറിലേക്ക് മാറിയതിനാൽ ഞങ്ങൾ പിൽക്കാലത്ത് ഷൊർണൂരിലേക്ക് താമസം മാറ്റി.

ഷൊർണ്ണൂരിലെ ജീവിതം എങ്ങനെയായിരുന്നു?.

ഷൊർണ്ണൂർക്ക് താമസം മാറ്റിയതിൽ പിന്നെയാണ് ഞാൻ വീണ്ടും സ്കൂളിൽ പോയി തുടങ്ങിയത്. മിഷൻ സ്കൂളിലാണ് എന്നെ ചേർത്തത്. അനിയത്തിയെ കോൺവെന്റിലും. അമ്മ

കുറേക്കാലം അവിടെയൊരു സദനം നടത്തിയിരുന്നു. പകൽ നേരത്ത് കുട്ടികളെ സൂക്ഷിക്കലും പരിചരണവും ഒക്കെയായിരുന്നു അവിടെ. ഒളപ്പമണ്ണ വാസുദേവൻ നമ്പൂതിരിയുടെ മകൾ, ഇ. എം.എസ്സിന്റെ മകൾ, എടമല - വെള്ളിനേഴി മനകളിലെ കുട്ടികൾ ഒക്കെ അവിടെ ഉണ്ടായിരുന്നു. അക്കാലത്താണ് മംഗളോദയത്തിൽ ജോലികിട്ടി പ്രേംജി തൃശൂരെത്തിയത്. അച്ഛന്റെ അനുജനാണ് എം.പി ഭട്ടതിരിപ്പാടെന്ന പ്രേംജി. ആഴ്ചയിലൊരിക്കൽ അദ്ദേഹം വരും ഞങ്ങൾക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്യും. അന്നൊക്കെ ഞങ്ങൾ വളരെ കഷ്ടപ്പെട്ടിട്ടുണ്ട്. ഒരു നല്ല ഉടുപ്പിടാൻ മോഹിച്ചിട്ടുണ്ട്. പരുക്കൻ ഖാദി കൊണ്ടുള്ള ഉടുപ്പ്. കുടയില്ല. ഓലക്കുടകൊണ്ടാണ് സ്കൂളിൽ പോവുന്നത്.

അമ്മയേയും അച്ഛനേയുംകുറിച്ചുള്ള ഓർമ്മകൾ?.

വീടു പുലർത്തുവാൻ അമ്മ ഒരുപാട് കഷ്ടപ്പെട്ടിട്ടുണ്ട്. എനിക്ക് അസുഖം വന്ന കാലത്തൊക്കെ ഓരോ പറമ്പിലും പോയി പച്ച മരുന്നുകൾ പറിച്ചു കൊണ്ടു വന്ന് കഷായം വച്ചും എണ്ണ കാച്ചിയും അമ്മ ശുശ്രൂഷിച്ചു. അമ്മ എനിക്കു വേണ്ടി ഒരുപാട് ബുദ്ധിമുട്ടിയിട്ടുണ്ട്. അതിന് ഒന്നും തിരിച്ചു കൊടുക്കുവാൻ എനിക്കു സാധിച്ചിട്ടില്ല. അതൊരു വലിയ വിഷമമായി മനസിലുണ്ട്. അമ്മയോട് ഒരു മറുവാക്ക് ഒരിക്കലും ഞാൻ പറഞ്ഞിട്ടില്ല. അച്ഛൻ....... മറ്റൊരാളിൽ പിറന്ന കുട്ടിയെ നോക്കുകയെന്നു പറഞ്ഞാൽ സാധാരണ ഗതിയിൽ ആർക്കും കഴിയുന്ന കാര്യമല്ല. ലോകത്ത് ഒരച്ഛനും മക്കളെ ഇത്രമാത്രം സ്നേഹിച്ചിട്ടുണ്ടാവില്ല. അതും മറ്റൊരാൾക്ക് പിറന്ന മകളെ. എന്റെ ഭാഗ്യമാണ് ഇങ്ങനെയൊരു അച്ഛനെ കിട്ടിയത്.

അമ്മയുടെ വീട്ടിൽ പോയിട്ടുണ്ടോ?

എനിക്ക് അഞ്ചു വയസായപ്പോഴേക്കും അമ്മയും ഞാനും അങ്ങോട്ടു ചെല്ലുവാൻ അവർ ക്ഷണിച്ചു. പോയാലും അകത്തേക്കൊന്നും പോവില്ല. അവരെയൊക്കെ കാണും. ഞങ്ങളെ കണ്ടാൽ കയ്യിൽ തൊടാതെ നാലണ തരും. കൈയ്യിൽ തൊട്ടാൽ എന്താണെന്ന് ഞാൻ ചോദിക്കും. അങ്ങനെ പറയുവാൻ പാടില്ലന്ന് അവർ വിലക്കും. മുത്തച്ഛനെ ആദ്യമായി കണ്ടപ്പോൾ എനിക്കു തോന്നി മുത്തച്ഛന്റെ അടുത്തു പോയി ഇരിക്കണമെന്ന്. അക്കാര്യം അമ്മയോടു പറഞ്ഞു. നീ ഇവിടെ നിന്നു കണ്ടാൽ മതിയെന്ന് അമ്മ പറഞ്ഞു. പക്ഷെ മുത്തച്ഛൻ വിളിച്ച് അടുത്തിരുത്തി. ഓമനിച്ചു. അദ്ദേഹം പറഞ്ഞു. □എനിക്കൊന്നു കുളിക്കണംന്നെല്ലാ ഉള്ളൂ □- ഞാൻ കുളിച്ചോളാം. മുത്തച്ഛനും മുത്തശ്ശിക്കുമൊക്കെ മനസുകൊണ്ട് ഇഷ്ടമാണ്. അയൽപക്കക്കാർക്കും മറ്റുമാണ് പ്രശ്നം.

എപ്പോഴെങ്കിലും അച്ഛന്റെ വീടുമായി ബന്ധപ്പെട്ടിരുന്നോ?

എടമന നാരായണൻ നമ്പൂതിരി എന്നായിരുന്നു അച്ഛന്റെ പേര്. വലിയ പ്രാസംഗകൻ ആയിരുന്നെന്ന് കേട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ ഫോട്ടോകളൊന്നുമില്ല. അച്ഛന്റെ ഇല്ലത്ത് ഞാനൊരിക്കൽ പോയിട്ടുണ്ട്. അതിനടുത്തൊരു സ്ഥലത്ത് നാടകം അഭിനയിക്കാൻ പോയപ്പോൾ അവിടെയാണ് ഞാൻ താമസിച്ചത്.

കലാരംഗത്ത് സജീവമാകുന്നത് എന്നുമുതലാണ്?

കലാരംഗത്തേക്ക് വരാൻ പ്രധാന കാരണം പ്രേംജിയാണ്. അദ്ദേഹം വരുമ്പോഴൊക്കെ ഓരോ ഭാവങ്ങൾ അഭിനയിച്ചു കാണിക്കും. അഭിനയത്തിന്റെ മറ്റാർക്കുമറിയാത്ത ഭാവങ്ങൾ ഉണ്ടാവുന്നത് പ്രേംജിയുടെ പ്രകടനങ്ങൾ കണ്ടിട്ടാണ്. എനിക്ക് സ്കൂൾ നാടകത്തിലെ വേഷത്തിന് സമ്മാനം കിട്ടി. മാലിനി എന്നായിരുന്നു നാടകത്തിന്റെ പേര്. ഒരു രജപുത്ര കഥയായിരുന്നു അത്.

1948ൽ ആനന്ദ ശിവറാമും കലാമണ്ഡലം ഗംഗാധരനും ചേർന്ന് കൊടുങ്ങല്ലൂരിൽ ഒരു ഡാൻസ് ട്രൂപ്പ് തുടങ്ങി. ഞാനും ആ ട്രൂപ്പിൽ ചേർന്നു. എഴുത്തുകാരൻ രാമവർമ്മയുടെ ഭാര്യ വിലാസിനിയുംആനന്ദ ശിവറാമിന്റെ ഭാര്യ ജാനകിയമ്മയും അവിടെയുണ്ട്. കലാമണ്ഡലം ഗംഗാധരന്റെ വീട് കൊടുങ്ങല്ലൂരാണ്. എനിക്ക് ആദ്യമായി ഒരു പ്രതിഫലം കിട്ടുന്നത് ആ ട്രൂപ്പിൽ നിന്നാണ്. 15 രൂപ.

ആരേയും പേടിക്കേണ്ട ആവശ്യമില്ല. വരുന്നെങ്കിൽ ഇവിടെ വന്ന് താമസിച്ചോട്ടെ എന്ന് അമ്മയുടെ ആങ്ങളമാരും പറഞ്ഞു. എന്റെ ഒരമ്മാവൻ കടുത്ത കമ്യൂണിസ്റ്റായിരുന്നു. ഞങ്ങൾ കൊടുമുണ്ടയിലെ ഓലക്കുടിലിൽ കഴിയുന്ന കാലത്ത് ഒരു അമ്മാവൻ - ഐ.സി.പി നമ്പൂതിരിപ്പാട് ഒളിവിലായിരുന്നു. അമ്മയുടെ നേരെ മൂത്തതാണ് ഐ.സി.പി. ഏറ്റവും മൂത്തത് വിടിയുടെ ഭാര്യ ശ്രീദേവി. അമ്മക്ക് ഇളയതാണ് വിടിയുടെ അനുജൻ വി.ടി നാരായണന്റെ ഭാര്യ.

ആനന്ദശിവറാം മെൽബണിലേക്ക് പോയതിനാൽ ട്രൂപ്പ് പിരിച്ചുവിട്ടു. നൃത്തവിദ്യയുടെ മാസ്മര ലോകമായിരുന്നു അത്. ചങ്ങമ്പുഴയുടെ □കാവ്യനർത്തകി□യുടെ നൃത്തശില്പമാണ് ഞാൻ അവിടെ അവതരിപ്പിച്ചിരുന്ന ഒരു ഇനം.

എങ്ങനെയാണ് നൃത്ത സംഘത്തിൽ എത്തപ്പെട്ടത്?.

അച്ഛന്റെ ജേഷ്ഠന്റെ മകളെ കല്യാണം കഴിച്ചുകൊണ്ടു പോയ ഒരാളുണ്ട്. ബോംബെയിൽ റെയിൽവേയിലായിരുന്നു ജോലി. അവർ നാട്ടിൽ വന്നപ്പോൾ പറഞ്ഞു. ഒരു പുതിയ ട്രൂപ്പ് ബോംബെയിൽ ആരംഭിക്കുന്നുണ്ട്. അവിടെ ചേരാൻ താൽപര്യമുണ്ടെങ്കിൽ അവരുമായി ബന്ധപ്പെടുത്തി തരാം. ലിറ്റിൽ ബാലെ ട്രൂപ്പ് എന്നാണതിന്റെ പേര്. 1949 ഡിസംബറിൽ ഞാൻ അവർക്കൊപ്പം ബോംബെയിലേക്ക് പോയി. അനുജത്തി അന്ന് പത്താംക്ലാസിൽ പഠിക്കുന്നു. ആ ട്രൂപ്പിൽ ചേർന്ന് അധികം താമസിക്കാതെ തന്നെ ഒരു ഹിന്ദി സിനിമയുടെ നൃത്തരംഗത്ത് അഭിനയിക്കുവാൻ അവസരം കിട്ടി. മുൽക്ക് രാജ് ആനന്ദിന്റെ പ്രശസ്തമായ രണ്ടിലയും ഒരു മൊട്ടും എന്ന കൃതിയുടെ ചലചിത്രാവിഷ്കാരമായിരുന്നു അത്. ഒരു തേയില തോട്ടത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്ന കഥയിൽ പ്രധാന വേഷമിട്ടിരുന്നത് ദേവാനന്ദും നളിനി ജയ്‌വന്തുമായിരുന്നു. രാഖി ആദ്യമായി അഭിനയിച്ചതും ആ ചിത്രത്തിലായിരുന്നു.

നൃത്തസംഘത്തിലെ അനുഭവങ്ങൾ?

നൃത്തസംഘത്തിലെ അനുഭവങ്ങൾ അവസ്മരണീയമാണ്. വെളുപ്പിനു നാലുമണിക്ക് എഴുന്നേൽക്കും. ചെറുപയറോ കടലയോ മുളപ്പിച്ചത് കഴിക്കും. ആറുമണി വരെ വ്യായാമമാണ്. ആറുമണിക്ക് ചായ. പിന്നെ പ്രഭാത കർമ്മങ്ങൾ. തുടർന്ന് 12 മണിവരെ നൃത്ത പരിശീലനം. അതു കഴിഞ്ഞാൽ അടുക്കളയിലേക്ക് കടക്കും. ചപ്പാത്തിയും കറികളുമൊക്കെ എല്ലാവരും ചേർന്ന് തയ്യാറാക്കും.

പത്താം ക്ലാസു കഴിഞ്ഞ് അനുജത്തി സരളയും എന്റെയൊപ്പം ട്രൂപ്പിൽ വന്നു. പൊന്നാനി ഭാഗത്തു നിന്ന് തലശ്ശേരിയിൽ കല്യാണം കഴിച്ചയച്ച ഒരു പെൺകുട്ടിയും ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്നു. നൃത്തഗുരുവിന്റെ പേര് ശാന്തി വർദ്ധൻ അദ്ദേഹത്തിന്റെ ഭാര്യ ഗുജറാത്തിയാണ്. ഗുർജാവേരി എന്നാണ് അവരുടെ പേര്. ശാന്തിവർദ്ധൻ ഒരിടത്തിരുന്ന് പാഠങ്ങൾ പറഞ്ഞു തരും. മലയാളിയായ അപ്പുണ്ണികർത്തയാണ് ചുവടുകൾ കാട്ടിത്തരുന്നത്.

ഉച്ചക്ക് ഊണുകഴിഞ്ഞാൽ പിന്നെ എല്ലാവരും അവരവരുടെ വേഷഭൂഷാദികളുടെ പണിയിൽ ഏർപ്പെടും. വേഷങ്ങൾ ചാക്കു കൊണ്ടുള്ളതാണ്. തുന്നൽക്കാരനും കുടുംബസമേതം അവിടെയാണ് താമസിക്കുന്നത് അയാൾ അളവെടുത്ത് തയ്യാറാക്കി തരുന്ന കുപ്പായങ്ങളിൽ എന്തൊക്കെ അലങ്കാരപ്പണികൾ വേണമെന്ന് ഗുരു പറഞ്ഞുതരും. അതനുസരിച്ച് നിറം കൊടുത്തും വിവിധതരം തുന്നൽ പണികൾ ചെയ്തും വേഷഭൂഷാദികൾ തയ്യാറാക്കും. ഡസ്റ്റുകൾക്കിടയിൽ ചൂരൽ പിടിപ്പിക്കും. മണിപ്പൂരി ശൈലിയുലുള്ള ബാലെ നൃത്തമായിരുന്നു ഞങ്ങൾ ചെയ്തിരുന്നത്.

ഡാൻസു പഠനത്തിനും പ്രത്യേകതകളുണ്ടായിരുന്നു. ഒരിക്കൽ ചെയ്യുന്ന സ്റ്റെപ്പ് പിന്നീട് ആവർത്തിക്കില്ല. ആദ്യാവസാനം ചുവടുകളെല്ലാം വിത്യസ്ഥങ്ങളായിരുന്നു. അക്കാലത്തു ചെയ്ത ഒരു നൃത്താവിഷ്കാരം രാമായണം ബാലെ ആയിരുന്നു. മുഖംമൂടി വച്ചാണ് നൃത്തം. സംഭാഷണങ്ങളില്ല. പാവക്കൂത്തുപോലെയാണ് ചലനങ്ങൾ. ഒരുപാട് സ്റ്റേജുകളിൽ രാമായണം ബാലെ അവതരിപ്പിച്ചു. മൃണാളിനി സാരാഭായിയുടെ ദർപ്പണയിൽ താമസിച്ച് അഞ്ചു ദിവസം തുടർച്ചയായി രാമായണം ബാലെ അവതരിപ്പിച്ചിരുന്നു. ബൽരാജ്, അരുണ സച്ദേവ് തുടങ്ങിയവർ അവിടെ നിത്യ സന്ദർശകരായിരുന്നു. ആയിടെ പിരിച്ചുവിടപ്പെട്ട ഐ.പി.ടി.എയിലെ കലാകാരന്മാരും അവിടെ ഉണ്ടായിരുന്നു.

രണ്ടിലയും ഒരുമൊട്ടും എന്ന ചിത്രത്തിലെ നൃത്തരംഗത്തിൽ അഭിനയിച്ചപ്പോഴത്തെ ഒരു സ്റ്റിൽ ഫോട്ടോ അക്കാലത്തെ സോഫ്ട് ഡ്രിങ്ക് കമ്പനിയായ ഗോൾഡ് സ്പോട്ട് പ്രമുഖ ഇന്ത്യൻ പത്രങ്ങളിൽ പരസ്യത്തിന് ഉപയോഗിച്ചിരുന്നു. 1950ൽ ഈവ്സ് വീക്കലിയുടെ മുഖചിത്രമായും ആ ഫോട്ടോ വന്നിട്ടുണ്ട്.

1951ൽ ട്രൂപ്പ് പിരിച്ചു വിട്ടപ്പോൾ നാട്ടിൽ തിരികെയെത്തി. അനുജത്തി സെന്റ് തെരാസസ് കോളേജിൽ പഠിത്തം തുടർന്നു. എറണാകുളത്ത് കൃഷ്ണൻ നായർ സ്റ്റേഡിയം നിൽക്കുന്ന സ്ഥലത്തും മറ്റൊരിടത്തും എം.ആർ.ബിയും കുടുംബവും താമസിച്ചിട്ടുണ്ട്. ഞാൻ ഡാൻസും, ചിത്രരചനയും പഠിക്കാൻ തൃപ്പൂണിത്തുറ ആർ.എൽ.വിയിൽ ചേർന്നു. ഷാഡോ ഗോപിനാഥ് ആണ് നൃത്താദ്ധ്യാപകൻ. ആർഎൽവിയിൽ നിന്ന് ആണ് പെയിന്റിങ്ങും പഠിച്ചത്

സിനിമയിലെ അനുഭവങ്ങൾ?.

വചനം, ഉണ്ണിക്കുട്ടനു ജോലി കിട്ടി, ഒരു മെയ്മാസപുലരിയിൽ, കണ്ടതും കേട്ടതും, മാളൂട്ടി, നയം വ്യക്തമാക്കുന്നു, ഏക് കലി ദോ പത്തിയാം (ഹിന്ദി), സച് (ഹിന്ദി-1989) തുടങ്ങിയ സിനിമകളിൽ അഭിനയിച്ചു. കളിയാട്ടത്തലേക്ക് വിളിക്കുവാൻ വന്നത്. എം.ജി ശശിയാണ്. സാറാ ജോസഫിന്റെ മരുമകൻ എന്നേ അന്നു ശശിയെപ്പറ്റി അറിയുകയുള്ളു. കളിയാട്ടത്തിന്റെ അസോസിയേറ്റ് ഡയറക്ടറായിരുന്നു ശശി. പിന്നീട് ശശി സംവിധാനം ചെയ്ത് നിരവധി പുരസ്കാരങ്ങൾ ലഭിച്ച അടയാളങ്ങൾ, ജാനകി എന്നീ ചിത്രങ്ങളിലും അഭിനയിച്ചു. കമ്മട്ടം എടുക്കുന്ന കാലത്ത് ലോഹിതദാസ് വിളിച്ചിരുന്നു. പക്ഷെ അതിനു കഴിഞ്ഞില്ല. അസുഖമായി പോയി. അല്ലങ്കിൽ കമ്മട്ടത്തിലെ മുത്തശ്ശിയുടെ വേഷം ഞാൻ ചെയ്യേണ്ടതായിരുന്നു. എം.ജി സശിയുടേയും ബെന്നി സാരഥിയുടേയും ചില സീരിയലുകളിലും അഭിനയിച്ചു. ദൂരദർശനിൽ ടി.എൻ ഗോപിനാഥൻ നായരുടെ കഥയെ ആസ്പദമാക്കി ശ്രീകുമാരൻ തമ്പി ചെയ്ത വൈതരണി സീരിയലിലും ജയറാം, മോഹിനി, കെ.പി.എ.സി ലളിത മുതലായവർ അഭിനയിച്ച് ശ്രീ ശങ്കരൻ നായർ സംവിധാനം ചെയ്ത സീരിയലിലും അഭിനയിച്ചു. ഇടശ്ശേരിയുടെ പൂതപ്പാട്ടിനെ ആസ്പദമാക്കി ദൂരദർശൻ നിർമ്മിച്ച സിനിമ ടെലികാസ്റ്റ് ചെയ്തില്ല. അതു വന്നിരുന്നുവെങ്കിൽ അഭിനയജീവിതത്തിൽ വഴിത്തിരിവായേനെ. അമ്മ, ഭാര്യ, മുത്തശ്ശി എന്നിങ്ങനെ വിത്യസ്ത ഭാവങ്ങളിലുള്ള ഒരു കഥാപാത്രമായിരുന്നു അത്. ചെറുകാടിന്റെ നമ്മളൊന്ന്, എം.ആർ.ബിയുടെ മറക്കുടക്കുള്ളിലെ മഹാനരകം മുതലായ നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. വി.ടി.യുടെ നാടകങ്ങളിലും അഭിനയിച്ചിട്ടുണ്ട്.

വിവാഹം, കുടുംബം?

1959ൽ ചെമ്പൂക്കാവിൽ വച്ചായിരുന്നു വിവാഹം. തൃശൂർ കുന്നംകുളം റൂട്ടിൽ കൈപ്പറമ്പിൽ കുറൂർ മനയ്ക്കൽ കൃഷ്ണൻ ഭട്ടതിരിപ്പാടാണ് (കെ.കെ ഭട്ടതിരിപ്പാട്) വിവാഹം കഴിച്ചത്. കല്യാണത്തിനു പതിവുള്ള കുടിവെയ്പ്പ് എന്ന ചടങ്ങ് ഇല്ലായിരുന്നു. വേദപഠനം നടത്തിയിട്ടുള്ള കെ.കെ ഭട്ടതിരപ്പാട് പൂരക്കമ്പക്കാരനും ആനക്കമ്പക്കാരനുമാണ്. രണ്ട് പെൺകുട്ടികളാണ്. ലതയും, രേഖയും. ഇരുവരും വിവാഹിതരാണ്. ഹരിയാനയിലെ കർണാലിൽ ഡയറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഉദ്യോഗസ്ഥയായ ലതയുടെ ഭർത്താവ് സബീക്കി പഞ്ചാബിയാണ്. ജിയോളജിസ്റ്റായ രേഖ ആസ്ട്രേലിയയിലെ പെർത്തിൽ കുടുംബസമേതം കഴിയുന്നു. 2003ൽ ഞാൻ ആസ്ട്രേലിയയിൽ മകളുടെയടുത്ത് കുറേക്കാലം താമസിച്ചിരുന്നു.

കുറേക്കാലമായി ഞാൻ വീൽ ചെയറിലാണ്. എം.ജി ശശിയുടെ ജാനകിയിൽ അഭിനയിച്ചതും വീൽചെയറിലിരുന്നാണ്. നടക്കാനുള്ള ശേഷി വീണ്ടുകിട്ടുമെന്നുള്ള പ്രതീക്ഷയിലാണ്. ബന്ധുക്കളും സുഹൃത്തുക്കളുമൊക്കെവരാറുണ്ട്. അഭിനയം തുടരുവാനുള്ള മോഹം ഇപ്പോഴുമുണ്ട്. എന്റെ പരിമിതികൾക്കകത്തു നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന മികച്ച വേഷങ്ങൾക്കായുള്ള കാത്തിരിപ്പിലാണ് ഇപ്പോൾ ഞാൻ. പ്രതീക്ഷിക്കാൻ എന്തെങ്കിലുമൊക്കെ ഉണ്ടാവുന്നതല്ലെ നല്ലത്.